പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: * 82

12.12.2012 ൽ മറുപടിയ്ക്ക്

## വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ<br>,, ഇ.കെ. വിജയൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ സാമ്പത്തിക മാന്ദ്യം സംസ്ഥാന ടൂറിസം രംഗത്തെ ബാധിച്ചിട്ടുണ്ടോ; | (എ) കാര്യമായി ബാധിച്ചിട്ടില്ല. എങ്കിലും യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ സാമ്പത്തിക മാന്ദ്യം സംസ്ഥാന ടൂറിസം രംഗത്തെ ബാധിക്കാതിരിക്കുന്നതിനുളള മുൻകരുതലായി വകുപ്പ് ആസ്ട്രേലിയ, റഷ്യ, മിഡിൽ ഈസ്റ്റ്, ഏഷ്യൻ രാജ്യങ്ങൾ തുടങ്ങിയ രാജ്യങ്ങളിൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ പ്രത്യേക ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന്റെ ഭാഗമായി ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ ആയുർവേദ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കാമ്പയിനുകൾ നടത്തി വരുന്നു. |
| (ബി) ഈ സീസണിൽ ഇതുവരെ എത്ര വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനത്ത് എത്തി; ഇത് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് എത്രത്തോളം വ്യത്യാസപ്പെട്ടിരിക്കുന്നു; | (ബി) സംസ്ഥാനത്തേക്ക് വിദേശ വിനോദ സഞ്ചാരികൾ പ്രധാനമായും എത്തുന്നത് സപ്തംബർ മുതൽ മാർച്ചു മാസം പകുതി വരെയാണ്. സപ്തംബർ മാസത്തിൽ 47,440 വിദേശ ടൂറിസ്റ്റുകളും ഒക്ടോബർ മാസത്തിൽ 63,690 ആണ്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് യഥാക്രമം 6.19%, 7.20% |

വ്യത്യാസപ്പെട്ടിരിക്കുന്നു. നവംബർ മാസത്തിൽ 71,312 വിദേശ ടൂറിസ്റ്റുകൾ എത്തിച്ചേർന്നിരുന്നു. എന്നാൽ നവംബർ മാസത്തിലെ മുഴുവൻ ടൂറിസ്റ്റ് ഡാറ്റയും ലഭ്യമല്ലാത്തതിനാൽ ഈ വിവരം പൂർണ്ണമല്ല. 2011-ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികൾ 7,32,985 ആണ്.

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്ന വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം പ്രധാന കടലോര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി സുശക്തമാക്കുന്നതാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഷാഡോ പോലീസിനെയും വിന്യസിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ